"ഭരണഭാഷ –മാതൃഭാഷ"

നമ്പർ : ICDS/B5/30277/19

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : directorate.wcd@kerala.gov.in
തീയതി : 6..2..2021

വനിത ശിശുവികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർ
ജില്ലാതല ICDS സെൽ
പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്
കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്

സർ/മാഡം,

വിഷയം : വനിത ശിശുവികസന വകുപ്പ് - ICDS – അങ്കണവാടി കെട്ടിടം വാടക 2020-21 സാമ്പത്തിക വർഷം അംഗീകാരം നൽകാത്തതിനുള്ള വിശദീകരണം - സംബന്ധിച്ച്.

സൂചന : 1) എല്ലാ ജില്ലാതല ICDS പ്രോഗ്രാം ഓഫീസുകളിലെ 30/1/21 ലെ ഇ-മെയിൽ.
2) സാമൂഹ്യനീതി ഡയറക്ടറുടെ ഉത്തരവ് നമ്പർ ICDS/B5/5780/2014 തീയതി : 17/3/2016.

മേൽ സൂചന കത്തുകൾ കണ്ടാലും. അങ്കണവാടി കെട്ടിടങ്ങളുടെ വാടക മാറി നൽകുന്നതിന് മുന്നോടിയായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക വർഷാവർഷം CDPO നിശ്ചയിക്കേണ്ടതും ആയത് ജില്ലാതല ICDS സെൽ പ്രോഗ്രാം ഓഫീസർമാർ അംഗീകരിച്ച് നൽകുകയും വേണമെന്ന് സൂചന (2) ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.

മേൽ വിവരശേഖരണത്തിലൂടെ ലഭ്യമായ റിപ്പോർട്ട് പ്രകാരം താങ്കളുടെ ജില്ലയിൽ 2020-21 വർഷത്തെ അങ്കണവാടി വാടക നാളിതുവരെ അംഗീകരിച്ച് നൽകാത്ത ICDS പ്രോജക്ടുകൾ ഉള്ളതായി മനസ്സിലാക്കുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | | ICDS പ്രോജക്ടുകൾ |
|---|---|---|---|
| 1 | പത്തനംതിട്ട | 1 | മല്ലപ്പള്ളി |
| | | 2 | കോന്നി അഡീഷണൽ |
| 2 | തൃശ്ശൂർ | 1 | ചാവക്കാട് |
| | | 2 | ഇരിങ്ങാലക്കുട |
| 3 | പാലക്കാട് | 1 | അട്ടപ്പാടി |
| | | 2 | മലമ്പുഴ |
| | | 3 | മണ്ണാർക്കാട് |
| | | 4 | മണ്ണാർക്കാട് അഡീഷണൽ |
| | | 5 | നെന്മാറ |
| | | 6 | ശ്രീകൃഷ്ണപുരം |
| 4 | കോഴിക്കോട് | 1 | ബാലുശ്ശേരി അഡീഷണൽ |
| | | 2 | ചേലന്നൂർ |
| | | 3 | തൂണേരി |
| 5 | കണ്ണൂർ | 1 | മുഴുവൻ CDPO മാരും |
| 6 | കാസർഗോഡ് | 1 | മഞ്ചേശ്വരം അഡീഷണൽ |

മേൽ രേഖപ്പെടുത്തിയിരിക്കുന്ന ICDS പ്രോജക്ട് ശിശുവികസന പദ്ധതി ഓഫീസർമാർ അങ്കണവാടി വാടക നിശ്ചയിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം നാളിതുവരെ അപേക്ഷ പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കാത്തതിന്റെ വ്യക്തമായ വിശദീകരണം അതാതു CDPO മാരിൽ നിന്നും ശേഖരിച്ച് സമർപ്പിക്കുക. അതോടൊപ്പം ICDS പ്രോജക്ടു ഓഫീസുകളുടെ മേൽനോട്ട ചുമതലയുള്ള ജില്ലാതല ICDS പ്രോഗ്രാം ഓഫീസർമാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയുടെ വിശദീകരണം അതാത് പ്രോഗ്രാം ഓഫീസർമാർ 5 ദിവസത്തിനകം wcdicdsb5@gmail.com എന്ന മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

(ഒപ്പ്) 8/02/21

പകർപ്പ് : ജില്ലാ ഓഫീസർ
പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്
കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്